



1976

# THE KAZHAKOOTAM CADET



Wg Cdr S. ROY
Our Principal




MAJOR P. SADASIVAN
Our Headmaster

# EDITORIAL BOARD



Standing from left to right

Sdhir Suhankar, G. Mohan, S. T. Satyavageeswaram, Jayakumar K. R.

Sitting from left to right

Mr. C. K. C. Nair (Malayalam) Mr. G. D. Tekale (Sanskrit) Mr. G. Soman Pillai (Chief Editor)
Wg. Cdr. S. Roy (Principal) Maj. P. Sadasivan (Headmaster) Mr. M. B. Vitekar (Hindi)
Mr. K. K. Muthanna (English) Mr. T. P. Ramachandran (Photography)



The Staff

# ON THE TOP IN ACADEMICS



Standing (L to R) Ashokan P. (VII) Ajayaprasad (VIII) Sathish K. (IX) Bijoy Oommen (VI)
Sitting Mini A. R.

# OUR STAFF

| | | |
|---|---|---|
| Principal | — | Wg cdr S. Roy |
| Headmaster | — | Major P. Sadasivan |
| Registrar | — | Capt T R Reddy |
| Medical Officer | — | Dr K Viswanatha Menon MBBS |

## ACADEMIC STAFF

Sri K Madhavan Nair, MSc BEd
,, A George Joseph MA B Ed
,, N Balakrishnan Nair, M Sc
,, CK Chandrasekharan Nair
MA(Mal)MA(Hindi)MA(Eng) BEd
,, NG Thomas, MA BEd
,, J Sankaranarayana Iyer
MA BEd, (Dip T Eng)
,, K. Vasudevan, BSc, B Ed
,, MS Anantharamu, MA M Ed
,, KK Viswanathan. MA BEd
(Sahitya Ratna Parangath)
,, S Krishnankutty Nair, MA BEd
,, P Mohammed Kunhi, MA BT
Smt Mary George, MSc
Sri George Philip, MA BEd Dip SSc
,, Cherian K Kovoor, MSc BEd
,, Bhaskara Rao, Dip in Painting
(Art Master)
,, Smt. Sarojini Sreedharan, BA Dss
(Matron)
Sri GD Tekale, MA (Skt) MA (Pol)
MA (Hindi) BEd

Sri CV Sankaranarayanan, BSc BT
,, KK Muthanna, MA BT
,, MB Vitekar, MA BEd
,, CG George, MSc BT
,, S Hariharakrishna Sarma, MSc BEd
,, P. Premachandran Nair, MA
Smt Rani Varghese, MSc MEd
Sri TP Ramachandran, MA BEd
,, G Soman Pillai MA BEd
,, SV Sarma, MSc BEd
,, CC John M.A. BEd
,, K. L. Joseph MSc BEd.
,, T. G. Sudhakara Panicker M.A. BEd
,, KD Rai, BA Dip. Craft (Craft Master)
,, K Simon Peter BA. B Lib Sc
(Librarian)
,, R Gopinatha Pillai (PTI)
,, M Krishnan Unni Nair (PTI)
Smt A Saraswathi Amma MA (Psy) MA
(Hist) BEd (Demonstrator)
,, Williams RNRM (Matron)

## NCC STAFF

Sub. N. Krishnan
Hav. M. Mathew
Hav. A. Chellayyan

## ADMINISTRATIVE STAFF

| | |
|---|---|
| Main Office | Sri M. P. B Pillai (O. S)<br>,, T Bhaskara Warrier<br>,, NS Krishnan Nair LDC<br>,, K Madhavan Nambiar<br>(PA to Principal)<br>Smt P. Seethalekshmi Amma LDC |
| Accounts Section | Sri R Srinivasa Murthy B Com<br>(Accountant)<br>,, Gopakumar, B Com, UDC<br>,, V Rama Murthy, LDC |
| Quarter Master Section | Sub R Krishnan Nair (Retd) QM<br>K. Gopala Pillai E. M.<br>(Estate Manager)<br>Sri Simon T Joseph, UDC<br>,, P Gopalakrishnan Nair LDC<br>Smt Nalini Kumari Amma LDC |
| Mess Manager | Sri NN Pillai |
| Compounder | ,, VKD Nair |

# a picnic in the woods

As the sun rose from his deep slumber,
And the cuckoos sang a beautiful number,
I was roused from the ocean of sleep,
(Which seemed to be pretty deep)

A nice day was out from her mother's womb,
It would take hours to reach her tomb,
A nice picnic was the ideal thing,
For such a day in full swing !
I willed to go to the forgotten woods
With friends and needed goods,
And filled our luncheon packets
With apples, sweets and biscuits
We left our homes with jolly minds
For we were to see sights of different kinds
As we ventured into the woods,
We were met by rabbit broods.
The woods were as if dyed in green,
The dew-bathed grass, a velvetly sheen.

We sat beside a shady tree,
We showed signs of perfect glee,
A peal of rustling sound near by,
And see ! The deer a grazing by
Soon they fled like maidens coy.

We gathered plenty of pretty flowers
Coming down in colourful showers,
And roaming came by a fruit laden tree
As old as the hills it seemed to me.
Sweet fruits filled both bag and sack
And we 'joyed a lot of journey back
When the sun got his death sentence
A pang of sorrow did pinch my sense,

"A thing of beauty is a joy for ever"
But for bygone joys ! we get solace never.

VINOD JANARDANAN
927, IX C

# winter ! winter !

Snow is falling, people are shivering
Winter is coming, the days are shortening
The rivers are freezing, sweaters look inviting
The sun is resting, coldwinds blowing,
And Oh ! Winter is arriving.

Trees are slumbering, days are darkening
Sailors stop sailing, peasants stop working
Creatures are dying, the Creator ignoring
Skylarks stop singing, children stop studying
And Oh ! winter winds are blowing.

No hopes of lightning nor of the sky brightening
Grandmas are telling, stories in their dwellings
Lillies are dreaming, toses are weeping
Light is fading the leaves are falling,
And Oh ! winter is slowly creeping.

Christmas is coming, but people starving
Birds are praying, and animals straying
Difficult day surving, better ones arriving
So I remember a famous saying
"Oh wind! If winter comes can spring be far behind" !

**K. JYOTHISHKUMAR**
IX C

# i wonder

I wonder why the world is round,
Though on horse back men may mount,
I wonder why the rose is red,
And its petals are soft as bed.

I wonder why the light is bright,
Though the wire is too tight.
I wonder why a child is small
And why on the road they fall

I wonder why a man is clever,
Though I know that I am never.

T. M. AJITH KUMAR
Roll No. 913
Class IX

# farewell

On to the top of the hill,
I climbed against my will
For I couldn't help going,
And I was all the time mourning.

There lay my bride,
All wrapped in white,
She lay there at one 'O' clock,
And now it's Seven 'O' clock.

So long, she lay alone,
And I thought my days bygone
Oh ! You have gone too fast !
I bid you farewell at last.

I am now useless in this world
For I am not young but old
And I cannot do anything
Which anyone thinks worth seeing

So now I bid you farewell,
And bid farewell me too.

**GOPIKRISHNA K. S**
IX A 942

# my beautiful pen

I had a beautiful Pen,
That cost me rupees ten.
It was made in France
And there it costs three Francs.

I saw it in Bombay,
And then again in Trombay
Later on I saw it at Aurangabad,
And I bought it at Ferozabad.

Its nib was platinum-tipped,
And out of an ink-bottle it sipped.
Its cap was covered with lines of gold,
And it wrote me many lines in letters bold.

After a few days of greatness,
It started to write with gruffness,
And then upside down its nib turned,
And there it lay in the dust-bin to be burned.

C. P SIVASANKAR
871 IX B

# leisure

Leisure is but that time when
No work one has upon
But sad to say that most of us
Lack in liking working time.

Leisure is for all a must
Being work of day all done
How to while the leisure off
Is a thing which one must know.

Leisure can be wisely whiled
making useful things for day
Oft we find some wiser boys
Using leisure reading books.

Always idle some are found
On the leisure they all get
Such are always dependent
On the poor shining boys

Being idle during leisure
Is of no use you all know
Always manage doing things
By which you gain future help.

VIPIN I. P. 877
IX C

# मेरा प्रिय व्यापार (हॉबी)

सु० चिदम्बरम
कक्षा ९ ब

इस दुनिया में हर एक व्यक्ति को कुछ न कुछ हॉबी होनी चाहिए । लेकिन हमें देखना चाहिए कि उस प्रिय व्यापार से बहुत खर्च भी न हो । कुछ व्यापार ऐसे हैं जिनसे समय व्यर्थ नष्ट होता है। इस कारण हम को ऐसी ही हॉबी चुनना चाहिए जिसे हम बुराइयोंसे बचे रहें।

मेरा प्रिय व्यापार डाक टिकट सम्ग्रह है । इसे राजाओं का प्रिय व्यापार और व्यापारों का राजा कहा जाता है । स्व० तृतीय जॉर्ज और प्रेसिडेन्ट रूसवेल्ट के पास डाक टिकटों का बडा संग्रह था । एलिजबेथ महारानी के पास भी बहुत बडा संग्रह है । मुझे यह व्यापार सबसे अच्छा प्रतीत होता है । मेरे पास भी कई डाक टिकट हैं ।

दुनिया में सबसे पहले ग्रेट ब्रिटन ने डाक टिकट निकाला था । यह घटना १८४० ई० की है । इसके बाद कई देशों ने अपने डाक टिकट निकालना शुरू किया । आज तो हर देश अपने डाक टिकट जारी करता है । हम इस व्यापार से बहुत कुछ सीख सकते हैं । डाक टिकट से उस देश के भूगोल इतिहास के बारे में सीख सकते हैं । वहाँ के लोग उनका रहन सहन, खान पान, कपडे देश के कल कारखाने आदि कई बातों की जानकारी हमें डाक टिकटों से होती है ।

कुछ टिकट तो बहुत सुन्दर होते है । आजकल डाक टिकट कई आकारों में निकाले जाते हैं । जैसे चौरस त्रिकोण ओर गोल। कुछ डाक टिकट ऐसे भी है जिन्हें । उस देश के आकार का बनाया जाता है । जैसे आफ्रिका के कुछ टिकट । आजकल तो रेशम, लकडो, इस्पात आदि पर भी डाक टिकट छापे जा रहे हैं । भूटान जैसे देश ने 3D डाक टिकट जारी किए हैं । कुछ डाक टिकटों को सुगन्धित भी बनाया गया है ।

कुछ डाक टिकटों का मूल्य बहुत अधिक होता है । एक टिकट के बारे में एक कथा है । एक विद्यार्थी ने ब्रिटिश गुयाना का एक टिकट खरीदा, उसने सन १८९३ में वह टिकट बेचा । तब उसका मूल्य एक शिलिंग था । हाथ बदलते बदलते उसका मूल्य १६०००

पौण्ड बन गया (३२०००० रुपये) आज उसका मूल्य ३५००० पौण्ड है (७००००० रुपये)।

रुस और हगेरी प्रतिवर्ष बहुत से टिकट जारी करते हैं। लेकिन सबसे सुन्दर टिकट भूतान और कुछ आफ्रीकी राज्यों के है। वे थ्री डाइमेषनल और त्रिबल व्यू टिकट निकालते हैं। भारत के डाक टिकट भारत प्रतिभूति मुद्रणालय, नासिक में छापे जाते हैं।

कुछ दिन पहले भारतीय डाक टिकट उतने सुन्दर नहीं थे। लेकिन आज भारत ने भी बहुत ही सुन्दर टिकट निकालना शुरु किया है।

डाक टिकट संग्रह करने से आनन्द और प्रसन्नता तो होती ही है साथ ही कीमती वस्तुओं का संग्रह करने की आदत पड जाती है। न जाने कब कौन सा टिकट हजारों रुपये मूल्य पर बिके!!

# കുട്ടിശ്ശങ്കരൻ

ബി. എസ്. കൃഷ്ണകുമാർ
റോൾ നമ്പർ 1076. ക്ലാസ്സ് 7. ബി.

കറുത്തിരുണ്ടോരാന
കണ്ടൻചേട്ടൻറാന
കറുത്ത മെയ്യും വെളുത്ത കൊമ്പും
കുട്ടിശ്ശങ്കരനാനയ്ക്ക്

കല്ലുകളെറിയും കുട്ടികൾ കണ്ടാൽ
വികൃതികൾ കാട്ടും ശങ്കരനപ്പോൾ
തുമ്പിക്കൈയ്‌വഴി വെള്ളം ചീറ്റും
എപ്പോഴുമില്ലീ വികൃതിത്തം

കുളിയുടെ പുറകേ പൂഴിച്ചേറാൽ
പൗഡറിടുന്ന പരിഷ്കാരി
കണ്ടൻചേട്ടൻ ദേഷ്യപ്പെട്ടാൽ
കുട്ടിശ്ശങ്കരനെലിയാകും.

# പേമഴ

എം. വിനയചന്ദ്രൻ
റോൾ നമ്പർ 857. ക്ലാസ്സ് 8 ബി.

കോമരം തുള്ളുന്ന മാനവരൊക്കെയും
കോരിച്ചൊരിയുമീ പേമാരിയിൽ

ചാലെ നിറഞ്ഞു കവിയുന്ന തോടുകൾ
ചാരെ വന്നെത്തുന്ന ശീതവാതം

മണ്ഡൂകമാറ്റാത്ത ഗീതങ്ങൾ മൂളുമ്പോൾ
മർത്ത്യൻെറ ദന്തങ്ങൾ മദ്ദളങ്ങൾ

പൈതങ്ങൾ തോണികളിക്കുന്നുമുണ്ടല്ലോ
വെള്ളം കവിയുന്ന തോടുകളിൽ

നല്ല നിറമുള്ള പീലി വിടർത്തിക്കൊ-
ണ്ടാടിത്തിമർപ്പൂ മയൂരവൃന്ദം

മേഘങ്ങൾ ദുന്ദുഭി കൊട്ടിഗ്ഘോഷിച്ചിട്ടു
ടോർച്ചു തെളിക്കുന്ന വീഥികളിൽ.

# ഒന്നാം റാങ്ക്

വി. എച്ച്. ഹരീഷ്

റോൾ നമ്പർ 929. ക്ലാസ് 9. ബി.

''ഞാൻ ഈ ലോകത്തിൽ ജനിച്ചു. ആ തെററിന്റെ ശിക്ഷയെന്നോണം ജീവിക്കുന്നു. എന്നാണ് മരണത്തിന്റെ വലയിൽ അഭയംപ്രാപിക്കുക.'' ആഴിയെക്കാറം അഗാധതയിലായിരുന്നു മോഹനന്റെ ചിന്ത. ''താനും കല്ലും തമ്മിലുള്ള വ്യത്യാസം? മരിച്ചുകഴിഞ്ഞാൽ താനും മണ്ണിൽ ചേരുന്നു, ആ കല്ലിന്റെ കൂട്ടുകാരനായി. ഞാനിന്ന് ലോകത്തിനൊരു ഭാരമാണ്...'' താനെന്താണ് ആലോചിക്കുന്നത്. ഛെ! അതൊരു ചെറിയ തെററല്ലേ. തെററു ചെയ്യാത്ത മനുഷ്യരുണ്ടോ...'' ആരാണ് ആ സംസാരിച്ചത്. മോഹൻ തിരിഞ്ഞുനോക്കി. തന്നോടൊപ്പം സഹഭാവംകൊള്ളുന്ന എന്തോ ഒന്നു പൊളിഞ്ഞു വീഴാറായ വാതിൽ കാററത്ത് ഞരങ്ങിക്കൊണ്ടു. അല്ല!! അത് രവിയുടെ വാക്കുകളാണ്. ''ഇനി തെററു ചെയ്യാതിരിക്കാൻ നോക്കൂ.'' അവന്റെ മഹാമനസ്കതയിൽ മോഹനന് അത്ഭുതം തോന്നി. താൻ അവനോട് മുമ്പ് ഒരു വലിയ തെററ് ചെയ്തിരുന്നു. അവനോടു മാത്രമേ ആ തെററ് താൻ ഏററുപറഞ്ഞുള്ളൂ. തനിക്ക് ആശ്വാസം പകർന്നത് അവനാണ്.

അതെല്ലാം എത്രനാരംമുമ്പാണ്.—പരീക്ഷാഫലം അറിയുന്ന ദിവസം. വീട്ടിൽനിന്ന് തന്റെ മുറിയുടെ പുറത്തിറങ്ങാൻ ഭയപ്പെട്ടിരുന്നു. ഹൃദയമിടിപ്പിന്റെ മാറെറാലി അവിടത്തെ ശ്മശാനമൂകതയെ ഭഞ്ജിച്ചിരുന്നു. ഉള്ളിൽ നിറയെ ഭീതിയായിരുന്നു. രക്തം തിളച്ചുമറിയുകയായിരുന്നു. തോൽക്കുമോ? താൻ തോൽക്കുകയോ...തോററാൽ താൻ പിന്നെ എന്തിനു ജീവിക്കണം....? ഊണുകഴിഞ്ഞ് —കഴിച്ചെന്നു പറയാമോ എന്നു സംശയം—ആൽത്തറയിൽ പോയി അകമഴിഞ്ഞ് പ്രാർത്ഥിച്ചു. ദൈവമേ! എനിക്ക് ഫസ്ററ് ക്ലാസ് കിട്ടേണമേ! ഞാൻ തീർച്ചയായും ഒരു പുഷ്പാഞ്ജലി ചാർത്താമേ!'' 'പൂയ് കൂയ്'...എന്ന കൂവൽ കേട്ടാണ് പ്രാർത്ഥനയിൽനിന്ന് ഉണർന്നത്. ''എന്താ ഇന്ന് ദൈവത്തോട് പ്രാർത്ഥിക്കണത്? ദൈവത്തിൽ വിശ്വാസമില്ലല്ലോ'' അനിയൻ പരിഹസിച്ചു. ''ആവശ്യം വന്നപ്പോഠം, എല്ലാ തെററുകളും മറന്ന് പരീക്ഷയിൽ മാർക്ക് തരണമെന്ന് പ്രാർത്ഥിക്കയാവും. പാലം കടക്കുവോളം നാരായണ; പാലം കടന്നുചെന്നാൽ കൂരായണ'' ചേട്ടനും കളിയാക്കാൻ മടിച്ചില്ല. താൻ നിരീശ്വരവാദിയാണെന്ന കാര്യം മറന്നുപോയെന്ന് അപ്പോഠം ഓർത്തു. ഒരു ഇളി

ക്യന്റെ ചിരി ചിരിച്ചുകൊണ്ട് അവരുടെ മുമ്പിൽനിന്ന് ഒരുവിധം കടന്നുപോയി. എന്തിനു പറയുന്നു. തന്റെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു. അതാ മൂന്നാം പേജിൽ എസ്. എസ്. എൽ. സി. പരീക്ഷാഫലം. ഡി. മോഹൻകുമാർ ഫസ്റ്റ് റാങ്ക്. 519 മാർക്ക് ഒ. പി. രവി രണ്ടാം റാങ്ക് 518 മാർക്ക്. തന്റെ ആഹ്ലാദം അളവററതായിരുന്നു. തന്നെ എല്ലാവരും ആശ്ലേഷിച്ചു, അനുമോദിച്ചു, ആലിംഗനം ചെയ്തു. താനും ആഹ്ലാദോന്മത്തനായിരുന്നു. എല്ലാവരും പേപ്പർ വായിക്കുന്ന ധൃതിയിലായിരുന്നു. എല്ലാം കഴിഞ്ഞു താൻ ശാന്തമായി പേപ്പർ വായിച്ചു. അതിനിടയിൽ ഒരു വാർത്ത ''കോപ്പിയടിച്ച് പിടിച്ച രണ്ട് വിദ്യാർത്ഥികൾക്ക് 4 കൊല്ലത്തേയ്ക്ക് പരീക്ഷ എഴുതാൻപാടില്ലെന്നു വിധിച്ചിരിക്കുന്നു. പത്രം അവിടെ വെച്ചുകൊണ്ട് രവിയുടെ വീട്ടിലേയ്ക്ക് ഓടി. രവിയെ പുറത്തുവിളിച്ചു. ''രവി എന്നോട് ക്ഷമിക്കണം ഞാൻ നിന്നോട് ഒരു വലിയ തെററു ചെയ്തു. ഞാൻ 'രണ്ടു' മാർക്കിന് കോപ്പിയടിച്ചിരിക്കുന്നു. നിയമപ്രകാരം നിനക്കാണ് ഫസ്റ്റ് റാങ്ക്. ഞാൻ നാലുവർഷത്തേയ്ക്ക് പരീക്ഷ എഴുതാൻപാടില്ല.'' രവി എന്തെല്ലാം പറഞ്ഞാണ് തന്നെ സമാധാനിപ്പിച്ചതു്. ''അത്രയേ ഉള്ളൂ! അതൊരു ചെറിയ തെററല്ലേ! തെററു ചെയ്യാത്ത മനുഷ്യരുണ്ടോ.''

അതിനിടയിലാണ് ടൈഫോയിഡ് പിടിപെട്ടതു്. അതു് കുനിന്മേൽ കുരു എന്നപോലെയായിപ്പോയി. കോളേജിൽ ആദ്യത്തെ കൊല്ലമായിരുന്നു. എല്ലാം ആദ്യമായിട്ടാണ്. പുതിയ ഭാഷ (ഇംഗ്ലീഷ്), അതിനിടയിൽ രണ്ടുമാസം സുഖക്കേട്. സുഖക്കേടെല്ലാം മാറിയതിനുശേഷം മുൻപന്തിയിൽ നിൽക്കുന്ന കുട്ടികളുടെകൂടെ തനിക്ക് എത്താൻ കഴിഞ്ഞില്ല. പോരാതെ, അടുത്തിരുന്നതു് മമ്മദാണ്. ''നാഴികയ്ക്ക് നാല്പതുവട്ടം തെററുചെയ്യാത്ത ഹമുക്ക് മനുഷ്യനാ?'' മമ്മദ് തന്നോട് ചോദിക്കാറുണ്ട്. ആ ദ്രോഹിയായിരുന്നു തന്നെ രാഷ്ട്രീയത്തിലേയ്ക്കു വലിച്ചിഴച്ചതു്. ക്രമേണ പഠിപ്പിൽ താല്പര്യം കുറഞ്ഞു. രാഷ്ട്രീയനേതാവായി. അങ്ങനെ പലതും പലതും...

ഒരുദിവസം മീററിങ്ങ് നടന്നുകൊണ്ടിരിക്കുമ്പോൾ പോലീസ് ലാത്തിച്ചാർജ് നടത്തി. അവിടെനിന്നും ദൈവകൃപയാൽ കുഴപ്പമൊന്നുംകൂടാതെ വീട്ടിലെത്തിയപ്പോൾ അച്ഛന്റെ വക ലാത്തിച്ചാർജ്. പ്രോഗ്രസ് കാർഡ് അച്ഛനെ കാണിച്ചിരുന്നില്ല. കോളേജിൽ അതൊന്നുമില്ലെന്നു നുണപറഞ്ഞു! പ്രീഡിഗ്രി പരീക്ഷാഫലം വന്നു. അതു് അച്ഛനെ കാണിക്കാതെ രക്ഷയില്ലല്ലോ. അച്ഛൻ കണ്ട് നെഞ്ചത്തു് കൈവച്ചു. താൻ തോററു. മാർക്ക്‌ലിസ്റ്റ് വന്നപ്പോൾ ഡി. മോഹൻകുമാർ 'രണ്ടു മാർക്കിനു്' തോററിരിക്കുന്നു. 'രണ്ടു മാർക്ക്, രണ്ടു മാർക്ക്' അതു് മോഹനന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. ആ അക്ഷരങ്ങൾ മോഹനനെ വല്ലാതെ ശല്യപ്പെടുത്തി. ചെറുപ്പത്തിലിരിക്കുമ്പോൾ [illegible]ള്ള മാതാവു് പൊട്ടിക്കരയുന്നു. അതുകണ്ട് തനിക്കും കരയണമെന്നു തോന്നി. ജ്യേഷ്ഠൻ വല്ലാതെ പരിഹസിച്ചു. ''ഇറങ്ങിപ്പോകെടാ തെണ്ടീ, നീ ഈ വീട്ടിന്റെ മാനം കെടുത്തി'' അച്ഛൻ ഗർജ്ജിച്ചു. അന്ന് ഒന്നാംറാങ്ക് കിട്ടിയപ്പോൾ കെട്ടിപ്പുണർന്ന അച്ഛനാണോ ഇതെന്നുപോലും സംശയിച്ചു. ആരെ, എന്തിന് പറയുന്നു. ഇതിനെല്ലാം കാരണക്കാരൻ താൻതന്നെ. താനിനി എന്തിനു ജീവിക്കണം. താൻ വീട്ടിന്റെ മാനം കെടുത്തി. വീട്ടിനൊരു ഭാരമായി. വീട്ടിൽനിന്നും എല്ലാം എടുക്കുന്നു—ഒന്നും കൊടുക്കാതെ! പഴയ സ്കൂളിലെ അദ്ധ്യാപകർ നോക്കുന്നതായിപ്പോലും ഭാവിക്കുന്നില്ല. കോളേജിലെ അദ്ധ്യാപകർ അറപ്പോടെ നോക്കുന്നു. ലോകം തന്നെ വെറുക്കുന്നു തനിക്കിനി വീട്ടിൽ സ്ഥാനമില്ല രവിക്ക് ഫസ്റ്റ്റാങ്ക്! താൻ തോററിരിക്കുന്നു. ''രവിയെ നോക്കി

പ്പാടിക്കും'' അച്ഛന്റെ വാക്കുകൾ കാതുകളിൽ ആരോ മന്ത്രിച്ചുകൊണ്ടിരുന്നു. വേണ്ട! തനിക്കിനി ജീവിക്കണ്ട. താൻ മരിച്ചോളാം. അതിനുശേഷം അച്ഛനും ചേട്ടനും അനിയനും സുഖമായി ജീവിച്ചുകൊള്ളട്ടെ. അമ്മയുടെ കാര്യമോ...ഓ അത്ര സാരമില്ല.

നല്ല രാത്രിയാണ് — നിലാവുള്ള രാത്രി. നക്ഷത്രങ്ങൾ ഭൂമിയെ നോക്കി കണ്ണുചിമ്മുന്നുണ്ടായിരുന്നു. പക്ഷെ മോഹനൻ അതിലൊന്നും ശ്രദ്ധാലുവായിരുന്നില്ല. എല്ലാവരും കിടന്നുറങ്ങുകയാണ്. മോഹനൻ തന്റെ മുറിയിൽനിന്നും എഴുന്നേററു നടന്നു. അടുത്ത മുറിയിലാണ് അതിരിക്കുന്നത്—പിറേറദിവസം വയലിൽ തളിക്കുവാനുള്ള പരാമർ...മോഹനൻ സാവധാനം മുറിയിൽ പ്രവേശിച്ചു. ഒരു ചിമ്മിനിവിളക്ക് അവിടെ കത്തുന്നുണ്ട്. യുദ്ധക്കളത്തിലെ മൃതദേഹമെന്നോണം എല്ലാവരും ചിന്നിച്ചിതറിയായിരുന്നു കിടന്നുറങ്ങുന്നത്. അവിടെയിരിക്കുന്ന അലമാരയുടെ മുമ്പിലാണ് അമ്മ കിടന്നുറങ്ങിയിരുന്നത്. മോഹനന് വല്ലാത്ത ഭയം തോന്നി. ''നീയൊരു കുറ്റംകൈ ചെയ്യാൻ പോകുന്നു'' മനസ്സ് വിളിച്ചുപറഞ്ഞു. മോഹനൻ കൂട്ടാക്കിയില്ല. ഭാഗ്യത്തിന് അമ്മ അലമാരയിൽനിന്ന് കുറച്ച് അകന്നാണ് കിടന്നുറങ്ങുന്നത്. മോഹനൻ അലമാരയിലേക്ക് കൈയെത്തിച്ചുനോക്കി. അവസാനമായി, ഒരിക്കൽക്കൂടി ഒന്നു തിരിഞ്ഞുനോക്കി. ആരെങ്കിലും വരുന്നുണ്ടോ,—നോക്കുന്നുണ്ടോ! മുറിയിൽ തൂക്കിയിട്ടിരുന്ന ഫോട്ടോയിലെ അച്ഛന്റെ സുസ്മേരമായ മുഖത്തേക്ക് മോഹനൻ തുറിച്ചുനോക്കി. ഇല്ല! തനിക്ക് പ്രതികാരം വീട്ടണം!! പ്രതികാരം! മോഹനൻ ഉറച്ചു. മോഹനൻ കൈയെത്തിച്ച് അലമാര തുറന്നു. പരാമർകുപ്പിയിൽ തൊട്ടുതൊട്ടില്ലെന്നു പറയാം. പെട്ടെന്ന് മോഹനൻ തിരിഞ്ഞുനോക്കി. ഹോ! അത് തന്റെ നിഴലായിരുന്നു. നിഴൽ തന്നെ ഒരു രാക്ഷസനെപ്പോലെ പിൻതുടരുന്നു. ഒരിക്കൽക്കൂടി പരാമർകുപ്പിയിൽ തൊട്ടു. എടുക്കണമോ? വേണ്ടയോ? എന്തുചെയ്യണമെന്നു മോഹനനറിയില്ലായിരുന്നു. താൻ മരിച്ചാൽ എല്ലാവരും കരയും! തനിക്കുവേണ്ടി....ഇല്ല താൻ പകരംവീട്ടും—മോഹനൻ നിശ്ചയിച്ചു. പരാമർ കുപ്പി കൈയിലെടുത്ത് അതിലേയ്ക്ക് തുറിച്ചുനോക്കി. അതിൽനിന്ന് രണ്ട് കരാളദംഷ്ട്രങ്ങൾ മോഹനന്റെ നേരെ വന്നു. വിഷം കഴിച്ച്, ഛർദ്ദിച്ച് പിടഞ്ഞുപിടഞ്ഞു മരിച്ച കുട്ടിയുടെ കഥ രവി പറഞ്ഞതായി മോഹനൻ ഓർത്തു. മോഹനന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കൈ തളരുന്നതുപോലെ തോന്നി. കൈകൾ വിറയ്ക്കുന്നു. ബോധം ക്ഷയിക്കുന്നു. പെട്ടെന്ന് കുപ്പി കൈയിൽനിന്നു വീണു!! 'കള്ളൻ! കള്ളൻ! അമ്മ ചാടി എഴുന്നേററു. മോഹനൻ മിഴിച്ചുനിന്നു. മോഹനന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അപ്പോൾ അവൻ നിസ്സഹായനായിരുന്നു. ഹോ! തലയിൽ ഒരു ഇടിവെട്ടേററു. ഭൂമി കുലുങ്ങുന്നതുപോലെ തോന്നി...പിന്നെ ഒന്നും ഓർമ്മയില്ലായിരുന്നു. ചിന്നിച്ചിതറിക്കിടക്കുന്ന കുപ്പിക്കഷണങ്ങൾ ചേട്ടനോട് കഥ പറഞ്ഞുകൊടുത്തു. അമ്മ കിടന്നു കരയുന്ന അനുജന്റെ ബാഷ്പാകുലങ്ങളായ നേത്രങ്ങൾ മോഹനന്റെ ശ്രദ്ധയിൽ പതിഞ്ഞു. എല്ലാവരും കരയുന്നു. തന്റെ ആത്മഹത്യയെക്കുറിച്ച് എല്ലാവരും അറിഞ്ഞുകഴിഞ്ഞു. മോഹനനും വിഷമംതോന്നി, കരഞ്ഞു. ''അച്ഛന്റെ പ്രതീക്ഷ മോനാണ് ട്ടോ...'' അച്ഛൻ അപ്പോഴേയ്ക്കും വിങ്ങിപ്പൊട്ടി. രണ്ടുമൂന്ന് വലിയ മുക്താഫലങ്ങൾ കണ്ണിൽനിന്ന് കവിളിനെ ചുംബിച്ചുകൊണ്ട് ഇറങ്ങിപ്പോയി. ''എന്നോട് ക്ഷമിക്കു അച്ഛാ; അടുത്തപ്രാവശ്യം ഞാൻ തീർച്ചയായും ഫസ്റ്റ്ക്ലാസ്സ് വാങ്ങിക്കാം.'' മോഹനൻ തേങ്ങിപ്പറഞ്ഞു. അച്ഛൻ പുഞ്ചിരിച്ചു. മോഹനന്റെ നേത്രങ്ങളിൽനിന്ന് രണ്ടു കണ്ണീർക്കണങ്ങൾ അടർന്നുവീണു. സന്തോഷത്തിന്റേയോ, അതോ ദുഃഖത്തിന്റേയോ?

# ആപ്പണി വേണ്ട വേണ്ട

ബി. രമേശ് ബാബു

റോൾ നമ്പർ 888. ക്ലാസ്സ് 9. എ.

''പട്ടാളത്തിൽ ആളെടുക്കുന്നു,'' കടക്കാരൻ വെടിക്കുട്ടൻ ഉറക്കെ പത്രത്തിൽ നിന്നു വായിച്ചു. കേട്ടുനിന്ന കൊച്ചുണ്ണിക്കു് ഒരു രോമാഞ്ചം ഉണ്ടായി. ''തേടിയ വള്ളി കാലിൽ ചുററിയിരിക്കുന്നു.'' കൊച്ചുണ്ണിക്കു് ഏതാനും മാസങ്ങളായി ഉണ്ടായ ഒരാഗ്രഹമാണു് ഒരു പട്ടാളക്കാരനാകണമെന്നുള്ളതു്. ശ്രീമാൻ ഉണ്ണിത്താൻ പത്രത്തിലുണ്ടായിരുന്ന സർവ്വ വിവരങ്ങളും അക്ഷരംപ്രതി വായിച്ചു നോക്കി. ഏപ്രിൽ മാസം ഇരുപത്തിരണ്ടാം തീയതിയാണു് സെലക്ഷൻ. അന്നു് എറണാകുളത്തെ മഹാരാജാസ് കോളേജ് ഗ്രൗണ്ടിലെത്തണം. അതേ! നമ്മുടെ കഥാനായകൻ പട്ടാളക്കാരനാകാൻപോകുന്നു. പട്ടാളക്യാമ്പിൽ ചാക്കരിച്ചോറും, മുള്ളൻ ചട്ടുമല്ല ഭക്ഷണം. ഒണക്കച്ചപ്പാത്തിയും, മസാലയുമാണു്. അവിടെ നമ്മുടെ നായകന്റെ പ്രധാന തൊഴിലുകളായ വായിൽനോട്ടമോ, ചാണകംവാരലോ യാതൊന്നുംതന്നെയില്ല.

മിസ്റ്റർ കൊച്ചുണ്ണിച്ചെറുക്കൻ വീട്ടിലേയ്ക്കു പോകുന്ന പെണ്ണിനെപ്പോലെ ആരമറിയാതെ എല്ലാം ഒരുക്കാൻ തുടങ്ങി. ആദ്യമായി അടുത്തവീട്ടിൽ താമസിക്കുന്ന ചന്ദ്രനോടു് ഒരു ബാഗു് വാടകയ്ക്കെടുത്തു. ഒരു ദിവസം രണ്ടുരൂപ കൂലി. പിന്നീടു് രണ്ടു മുണ്ടും, രണ്ടു ഷർട്ടുകളും അലക്കുകാരൻ കുട്ടപ്പായിയുടെ കയ്യിൽനിന്നും കൂലിക്കെടുത്തു. എല്ലാ സാധനങ്ങൾക്കും അഡ്വാൻസും കൊടുത്താണു് വാങ്ങിയതു്. അതിനുള്ള തുകയോ? പല കവുങ്ങുകളിൽ നിന്നും കട്ടു പറിച്ച പാക്ക വിററുകിട്ടിയതായിരുന്നു.

റോക്കററു വിടുന്നതിനു മുമ്പു് നിമിഷങ്ങൾ എണ്ണുന്നതുപോലെ നമ്മുടെ നായകൻ, കൊച്ചുണ്ണി ഓരോ ദിവസങ്ങളും, മണിക്കൂറുകളും, നിമിഷങ്ങളും താഴെക്കെണ്ണി. ഓരോ രാത്രിയും 'പട്ടാളസ്വപ്നം' പുള്ളിക്കാരന്റെ കണ്ണുകൾക്കു ചുററും നൃത്തമാടിക്കൊണ്ടിരുന്നു — കൊതുകുകളെപ്പോലെ.

പട്ടാളം-യുദ്ധം, യുദ്ധവിമാനം; പടയാളികൾ, ശത്രുക്കൾ, ബങ്കറുകളിലെ താമസം, 'റമ്മുകുപ്പികൾ'-ഇങ്ങനെ പലതും കൊച്ചുണ്ണിയുടെ സ്വപ്ന ''സ്ക്രീനിൽ'' പതിഞ്ഞുകൊണ്ടിരുന്നു. നമ്മുടെ നായകനു് ഒരു 'എ'-സർട്ടിഫിക്കററുള്ള സിനിമ കണ്ട പ്രതീതിയായി. സിനിമാ തിയേററിൽവച്ചു് അടുത്തിരിക്കുന്ന തരുണീരത്നങ്ങളെ സ്പർശിക്കുന്നതുപോലെ ഭിത്തിയെത്തലോടാൻ തുടങ്ങി. ഫലമോ?.... ഭിത്തിയിലുണ്ടായിരുന്ന ഒരാണിയുടെ

തലയിൽ പാവത്തിന്റെ കൈ ചെന്നിടിച്ചു. ചെറുതായി രക്തം വരാൻ തുടങ്ങി. പക്ഷെ നമ്മുടെ കഥാനായകനുണ്ടോ ഇതൊക്കെ ഗ്രഹിക്കുന്നു? അദ്ദേഹം മററൊരു ലോകത്താണ്.

സ്വപ്നങ്ങൾ, മധുരസ്വപ്നങ്ങൾ, ഓരോ രാത്രിയിലും സ്വപ്നങ്ങൾ (സ്വപ്നങ്ങൾ, സ്വപ്നങ്ങളേ നിങ്ങൾ സ്വർഗ്ഗകുമാരികളല്ലോ....) അതെ, കൊച്ചുണ്ണി ഒററയ്ക്ക് ഒരു സ്ഥലത്ത് നിലകൊള്ളുന്ന-ജവാനായ കൊച്ചുണ്ണി. അന്തരീക്ഷം ശ്മശാനമൂകം. യുദ്ധസമയം. പെട്ടെന്ന് ആയുധധാരിയായ ഒരു ശത്രു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. നമ്മുടെ നായകൻ നിരായുധനാണ്. പക്ഷെ കൊച്ചുണ്ണി വിട്ടുകൊടുത്തില്ല. ''ഉലകം ചുററും വാലിബൻ'' എന്ന പടത്തിൽ എം. ജി. ആർ-അണ്ണൻ തൊഴിക്കുന്നതുപോലെ ഫോമിലൊരു തൊഴി. 'പ്ശും....' എതിരാളി ഉണ്ടോ നിലത്തു ഫ്ളാററ്. ശത്രുവിനെ തൊഴിച്ചിട്ട 'വലതുകാലേ' നിനക്ക് അഭിനന്ദനം. 'ഏ'? എന്താണ്? വലതുകാലു പൊങ്ങുന്നില്ലല്ലോ? കാരണം മററൊന്നുമല്ല. നമ്മുടെ ശ്രീമാൻ സ്വപ്നം കണ്ടതായിരുന്നു. ശത്രുവിനു കൊടുത്ത തൊഴി കൊണ്ടതു് കട്ടിലിന്റെ ഇഴകയിലാണ്. കാലിനു നല്ല [illegible] ക്ഷതം! അതിയാൻ അനങ്ങിയില്ല.

പിറേറദിവസം [illegible]ലെ [illegible] നല്ല നീരുണ്ടായിരുന്നു. [illegible] കിട്ടുക്കണിയാർ വേപ്പെണ്ണയിട്ട് നല്ലതുപോലെ ഒന്നു തിരുമ്മിയപ്പോൾ സംഗതി 'ആൾ റൈററ്'.

തന്റെ ഉന്നം തെററരുതല്ലോ. മിസ്റ്റർ കൊച്ചുണ്ണി ആ ദിവ്യദിനത്തിന്റെ ആഗമനവും കാത്തിരിപ്പായി. പക്ഷെ മററൊരു പ്രശ്നം. എങ്ങനെ പറഞ്ഞിരിക്കുന്ന സ്ഥലത്തെത്തും? അദ്ദേഹം ഒരു സഹായിക്കുവേണ്ടി തിരച്ചിൽ തുടങ്ങി. അവസാനം ചെന്നെത്തിയതു് ശ്രീ. രാമൻപിള്ളയുടെ വീട്ടിൽ. അതിയാന് എറണാകുളത്തു് ഏതോ ഒരു കോളേജിൽ ഉദ്യോഗമാണ്. ഭാഗ്യമെന്നേ പറയേണ്ടൂ, കൊച്ചുണ്ണി രാമൻപിള്ളയുടെ വീട്ടിൽ എത്തിയപ്പോൾ അദ്ദേഹം അവിടെ സന്നിഹിതനായിരുന്നു. മാത്രമല്ല അഭിമുഖസംഭാഷണത്തിൽ നിന്നു് ശ്രീമാൻ പിള്ള മഹാരാജാസ് കോളേജിലാണ് വർക്കുചെയ്യുന്നതെന്നുമറിഞ്ഞു. അയാൾ ഇരുപത്തിഒന്നാം തീയതിയാണ് എറണാകുളത്തേയ്ക്കു മടങ്ങിപ്പോകുന്നതെന്നും അറിവായി. കൊച്ചുണ്ണിയെ കഴിയുന്നത്ര സഹായിക്കാമെന്നും മൊഴിഞ്ഞു. നമ്മുടെ നായകന് എവറസ്ററു കീഴടക്കിയ പ്രതീതിയായി.

കാലചക്രം ചെറിയ ഒരു തിരിയലു തിരിഞ്ഞു. ഏപ്രിൽ ഇരുപതാം തീയതി രാത്രി—നായകൻ ആരുമറിയാതെ സാധനങ്ങളെല്ലാം അടുക്കിപ്പെറുക്കുന്നു. ആകെയുള്ള രണ്ടുമൂന്നു സർട്ടിഫിക്കററുകൾ (എസ്. എസ്. എൽ. സി. ക്ക് ആറിൽ അഞ്ചു വിഷയത്തിനും തോററതു്—മുതലായവ.) എടുത്തു ബാഗിൽ വച്ചു.

പിറേറദിവസം രാവിലെ ഉറക്കമെണീററപ്പോൾ നമ്മുടെ നായകമാതാവു് കണ്ടതു് കൊച്ചുണ്ണി കതകിൻപുറകിൽ കുണുങ്ങി നില്ക്കുന്നതാണ്— ആരോ കാണാൻ വന്നിരിക്കുന്ന പെണ്ണിനെപ്പോലെ. ''എന്തോന്നാടാ ഇങ്ങനെ കുണുങ്ങിക്കൊണ്ടു നില്ക്കുന്നെ.'' ആ ചോദ്യത്തിനുത്തരമായി കൊച്ചുണ്ണി ഒരു 'അന്നനട' നടന്നു് അമ്മയുടെ അടുത്തെത്തി. ''പതുങ്ങാതെ ഉള്ള കാര്യമങ്ങു് പറയെടാ.'' അമ്മയുടെ ആ അന്വേഷണത്തിനു് ഉത്തരമായി നമ്മുടെ ശ്രീമാൻ തന്റെ ആശയങ്ങൾ വെളിച്ചത്താക്കി. അമ്മയുടെ ഉത്തരം കേട്ടു് അതിയാൻ കുളിരുകോരിപ്പോയി. ''നീയെവിടെയെങ്കിലും പോയി നാലു കാശുണ്ടാക്കിയാൽ നിനക്കുകൊള്ളാം.''

കൊച്ചുണ്ണി കുളിച്ചു തയ്യാറായി, ബാഗുമെടുത്തുകൊണ്ടു് അമ്മയെ സമീ

പിച്ച് അവരുടെ അനുഗ്രഹവും വാങ്ങി രാമൻപിള്ളയുടെ വീട്ടിലേയ്ക്കു പോയി. അദ്ദേഹവും തയ്യാറായിരുന്നു. കൊച്ചുണ്ണി ആദ്യംതന്നെ തന്റെ കൈയിലുള്ള അമ്പതു രൂപാ എഴുപതു പൈസായിൽ പത്തു രൂപാ അൻപതു പൈസായുണ്ടു കൊടുത്തു. രാമൻപിള്ളയ്ക്കു സന്തോഷമായെന്നു തോന്നുന്നു. അതായിരിക്കുമല്ലോ കവലയിൽ ചെന്ന ഉടനെ ഒരു കാപ്പിയും, രണ്ടു ദോശയും വാങ്ങിച്ചുകൊടുത്തതു്. വയറു ലേശമൊന്നു ഫുള്ളായപ്പോൾ ഒരു ഉശിരു കിട്ടി. കൂടയിൽനിന്നു് ഇറങ്ങിയതും ഒരു എറണാകുളം ബസ്സു കിട്ടി. നമ്മുടെ അഭിനേതാക്കളും മററു യാത്രക്കാരും ബസ്സിൽക്കയറി. കണ്ടക്ടർ ബെല്ലടിച്ചു. ബസ്സ് അതിന്റെ ലക്ഷ്യത്തിലേയ്ക്കു പാഞ്ഞു. ബസ്സിൽ എല്ലാ യാത്രക്കാരും എറണാകുളത്തിറങ്ങേണ്ടവരാണെന്നു് തോന്നുന്നു. അരമണിക്കൂറായിട്ടും ആരും ഇറങ്ങുന്നില്ല കൊച്ചുണ്ണിക്കാണെങ്കിൽ ഭയങ്കര മൂത്രശങ്കയും. ഇപ്പം പുറത്തുവരുമെന്ന നിലയായി. പെ[illegible]രാണു് വണ്ടി നിന്നതു്. കൊച്ചുണ്ണി കണ്ടക്ടറോടു് ഉള്ളകാര്യം പറഞ്ഞിട്ടു് ബസ്സിൽനിന്നിറങ്ങി കുറച്ചു മാറിനിന്നു് ആ ''പ്രകൃതിയുടെ വിളി'' അങ്ങു സാധിച്ചു. തിരിച്ചുവന്നപ്പോഴേയ്ക്കും രാമൻപിള്ള ടിക്കറെറടുത്തിരുന്നു.

ഏതാണ്ടു് മൂന്നു മണിക്കൂർ കഴിഞ്ഞപ്പോഴേയ്ക്കും ബസ്സ് എറണാകുളത്തെത്തി. കൊച്ചുണ്ണി രാമൻപിള്ളയുടെ പുറകെ നടന്നു. ഹോ! എന്തൊരു നഗരം. (നഗരം, നഗരം മഹാസാഗരം....). ഭയങ്കരമായ നഗരം. എന്തൊരു ഭയങ്കര കെട്ടിടങ്ങളാണു്. കൊച്ചുണ്ണിയും രാമൻപിള്ളയും അടുത്തുകണ്ട കടയിൽക്കയറി. രാമൻപിള്ള കുശാലായൊന്നു മുറുക്കി. കൊച്ചുണ്ണിക്കു് ഒരു ഗ്ലാസ്സ് നാരങ്ങാവെള്ളവും വാങ്ങിക്കൊടുത്തു.

ഒരു അരമണിക്കൂർ നടന്നുകാണും. ഇരുവശവും അത്ഭുതത്തോടെ നോക്കിക്കൊണ്ടിരുന്ന കൊച്ചുണ്ണിയോടു് രാമൻപിള്ള പറഞ്ഞു, ''ദാ, ഇവിടെയാണു റിക്രൂട്ടിങ്ങ്. അവിടെയാണു് കോളേജ്, ഞാൻ താമസിക്കുന്നതു് അതിനപ്പുറത്താണു്.'' നായകൻ എല്ലാം മൂളിക്കേട്ടു. ഒരു പത്തു മിനിട്ടുകൂടി നടന്നപ്പോൾ രാമൻപിള്ളയുടെ വീട്ടിൽ എത്തിയിരുന്നു. അവർ വീടിന്റെ പടി കടന്നതേയുള്ളൂ, ചുററുനിന്നും ''ചക്കപ്പഴത്തിൽ ഈച്ച പൊതിയുന്നതുപോലെ.'' അവരുടെ പുതിയ അതിഥിയെ കാണാൻ ചുററുംകൂടി അയൽവാസികൾ.

അന്നു് രാമൻപിള്ളയും, കൊച്ചുണ്ണിയും കടലു കാണാൻ പോയി. കൊച്ചുണ്ണി രണ്ടാമത്തെ പ്രാവശ്യമായിരുന്നു കടലു കാണുന്നതു്. ദൂരെ ഒരു കപ്പൽ കടലിന്റെ മറുവശത്തേയ്ക്കു പോകുന്നവരെയും വഹിച്ചുകൊണ്ടു പോകുന്നുണ്ടായിരുന്നു. കൊച്ചുണ്ണിയുടെ ചുണ്ടിൽനിന്നു് അറിയാതെ ''കടലിനക്കരെപ്പോണോരേ....'' എന്ന പാട്ടു് ഇങ്ങു വഴുതി വീണു. കടൽക്കരയിൽ അല്പവസ്ത്രധാരികളായ പലരും ഉല്ലസിക്കുന്നുണ്ടായിരുന്നു. അവരെക്കണ്ടപ്പോൾ കൊച്ചുണ്ണിയുടെ ഓർമ്മയിൽ വന്നതു് ചങ്ങനാശ്ശേരിച്ചന്തയിൽ നിരത്തിവച്ചിരിക്കുന്ന പടവലങ്ങകളെയാണു്. നേരം സന്ധ്യയായപ്പോഴാണു് തിരിച്ചെത്തിയതു്. യാത്രാക്ഷീണവും മററുംകൊണ്ടു് [illegible] പെട്ടെന്നുതന്നെ കിടന്നുറങ്ങിപ്പോയി.

പിറേറദിവസം രാമൻപിള്ളയാണു് കൊച്ചുണ്ണിയെ ഗ്രൗണ്ടിലേയ്ക്കു കൊണ്ടുപോയതു്. കല്യാണപ്പന്തലിലേയ്ക്കു പോകുന്ന പെണ്ണിനെപ്പോലെ കൊച്ചുണ്ണി രാമൻപിള്ളയുടെ കൈയിൽപ്പിടിച്ചുകൊണ്ടു് നടന്നു് ഗ്രൗണ്ടിലെത്തി. [illegible] ളെപ്പോലെ അനേകം [illegible] ഉണ്ടായിരുന്നു.

സെലക്ഷൻ തുടങ്ങി. [illegible] ഓരോന്നു [illegible]. അതു മലയാളത്തിലാക്കിപ്പറയാൻ മറെറാരു [illegible] അവരുടെ അടുത്തുണ്ടായിരുന്നു. കൊച്ചുണ്ണിയുടെ അടുത്തു് അവർ വന്നു നിന്നു. [illegible] എന്തൊക്കെയോ പറഞ്ഞു. മലയാളം പറയുന്നവൻ പറഞ്ഞു, ''[illegible] നി

ങ്ങളുടെ മുണ്ടഴിക്കുക.'' ഛെ! മുണ്ടഴിക്കുകയോ. നാണംകെട്ട പരിപാടി, പക്ഷെ എന്തുചെയ്യും. മുണ്ടഴിച്ചില്ലെങ്കിൽ ജോലി കിട്ടില്ല. തൻെറ അടുത്തുനിൽക്കുന്നവർക്കൊക്കെ അണ്ടർവെയർ ഇട്ടുകൊണ്ടുനിൽക്കാമെങ്കിൽ തനിക്കെന്തുകൊണ്ടുനിന്നുകൂടാ. പക്ഷെ അപ്പോഴാണ് കൊച്ചുണ്ണി ആ നഗ്നസത്യം ഓർമ്മിച്ചത്. താൻ അണ്ടർവെയർ ഇട്ടിട്ടില്ല. എങ്ങനെ മുണ്ടഴിക്കും, അഴിക്കാതിരിക്കാനും പറ്റില്ല. ആകെപ്പാടെ ആശാൻ ''ചെകുത്താനും, കടലിനുമിടയ്ക്കായി.'' ഏതായാലും കാര്യം നമ്മുടെ പരിഭാഷകനോട് തുറന്നുപറഞ്ഞു. അയാൾക്ക് ഐഡിയയുണ്ട്. തൽക്കാലം ഒരു താറുപാച്ചിയാൽ മതിയെന്ന് അദ്ദേഹം ഉപദേശിച്ചു, അല്പ വസ്ത്രധാരികളായ അവർക്ക് ഓട്ടം ചാട്ടം അങ്ങനെ പലതും ചെയ്യേണ്ടിവന്നു. എല്ലാറ്റിനും കൊച്ചുണ്ണി പാസ്സായി. അവസാനം ഒരു മെഡിക്കൽ ചെക്കപ്പും ഉണ്ടായിരുന്നു. അതിലും ശ്രീമാൻ ജയിച്ചു. ''കൊച്ചുണ്ണി നീയമിതനായി.''

അന്നു വൈകിട്ടുതന്നെ നിയമനം കിട്ടിയവരെ പട്ടാളക്യാമ്പിലേയ്ക്ക് കൊണ്ടുപോയി. എറണാകുളത്തുനിന്നും കുറച്ചു ദൂരെയായിരുന്നു ക്യാമ്പ്. കൊച്ചുണ്ണിക്ക് അവിടുത്തെ ജീവിതം അസഹ്യമായിത്തോന്നി. അവൻെറ ജോലി ഗേററിൽ നടത്തു നിൽക്കുക എന്നതായിരുന്നു.

ഒരു ദിവസം നമ്മുടെ നായകൻ ഗേററിനരികിൽ നിൽക്കുകയാണ്. പെട്ടെന്നാണ് അകലെനിന്ന് ഒരു കമാൻഡർ സൈക്കിളിൽ വരുന്നതു കണ്ടത്. കൊച്ചുണ്ണി പെട്ടെന്ന് അറൻഷനായി ഗമയിൽ ഒരു സല്യൂട്ട്. സൈക്കിളിലിരുന്നു മന്ന്യനും ഒരു കൈ വിട്ട് സല്യൂട്ട് ചെയ്തു. പക്ഷെ സൈക്കിളോടിക്കാൻ നല്ലതുപോലെ പഠിച്ചിട്ടില്ലായിരുന്നതുകൊണ്ട് അയാൾക്ക് നല്ല ബാലൻസ് ഇല്ലായിരുന്നു. മാത്രമല്ല. ആള് കുടിച്ചുപ്പിയടിച്ച് കുറച്ചു കിറുങ്ങിയിരിക്കുകയായിരുന്നു. ഫലമോ? ഉണ്ടെടാ അങ്ങോരു തറയിൽക്കിടക്കുന്നു. കൊച്ചുണ്ണി പെട്ടെന്നു ചെന്ന് സൈക്കിളിനിടയിൽ കിടന്നിരുന്ന അയാളെ പൊക്കിയെടുത്തു. അയാളുടെ കാലിന് എന്തോ കുഴപ്പം പററിയരുന്നു. അയാരം കൊച്ചുണ്ണിയോട് ഹിന്ദിയിലും, ഇംഗ്ലീഷിലുമെല്ലാം കേറിയങ്ങു കയർത്തു. പാവം നമ്മുടെ നായകൻ എല്ലാം പൊരുന്നക്കോഴിയെപ്പോലെ പതുങ്ങിനിന്നു കേട്ടു.

എല്ലാംകഴിഞ്ഞ് അയാരം കൊച്ചുണ്ണിയുടെ കരണക്കററിക്കിട്ട് ഒരടി. അല്ല, അതു ന്യായമാണോ? തെറി പറഞ്ഞിട്ട് അടീംകൂടെ. മനുഷ്യനല്ലേ. കൊച്ചുണ്ണിക്കു സഹിച്ചില്ല. അവൻ തിരിച്ച് അതുപോലൊരടിയും, നാഭിക്കൊരു ചവിട്ടുംകൊടുത്തു. ഇതാ പിന്നേം ഫ്ളാററ്. ഇതു കണ്ടുനിന്ന കുറെ അവൻമാരു വന്ന് അയാളെ പൊക്കിക്കൊണ്ടുപോയി. നമ്മുടെ കൊച്ചുണ്ണി ലോക ബോക്സിംഗ് രാജാവ് മുഹമ്മദാലിയെപ്പോലെയങ്ങനെ ഗമയിൽ നിന്നു.

പിറേറദിവസം രാവിലേതന്നെ കൊച്ചുണ്ണിയെ ഓഫീസിൽ വിളിച്ചൊരു കടലാസ്സു കൊടുത്തു. അതിൽ ഇംഗ്ലീഷിൽ എന്തൊക്കെയോ എഴുതിയിരുന്നു. കൊച്ചുണ്ണി വിചാരിച്ചു, തന്നെ ''പട്ടാള ഗുസ്തി ടീമിലെടുത്ത കാര്യമാണ് അതിലെഴുതിയിരിക്കുന്നതെന്ന്''. അദ്ദേഹം ഗമയിൽ നടന്നു. അടുത്തു കണ്ട ഇംഗ്ലീഷ് അറിയാവുന്ന മലയാളി ക്ലർക്കിനെ കാണിച്ചു. അയാരം ചോദിച്ചു, ''നിങ്ങളുടെ പേര് ഉണ്ണിക്കുട്ടൻ എന്നല്ലേ.''

''അതേ,'' അതു പറഞ്ഞപ്പോരം കൊച്ചുണ്ണി ഗമകൊണ്ടങ്ങു പൊങ്ങിപ്പോയി.

''നിങ്ങളെ ഇവിടെനിന്നു പിരിച്ചുവിട്ടിരിക്കുന്നു.'' പാവം! കൊച്ചുണ്ണി അട്ട ചുരുളുന്നതുപോലെയങ്ങു ചുരുങ്ങിപ്പോയി. ഒന്നും മിണ്ടാനൊക്കുന്നില്ല. കണ്ണിൽ ഇരുട്ടു വ്യാപിക്കുന്നതുപോലെ.

അതിനിടയിൽ നിന്നു് തന്റെ റിക്രൂട്ടിങ്ങും, സ്വപ്നങ്ങളും, ചപ്പാത്തിയും മററും കണ്ടു.

പെട്ടിയുമെടുത്തു് താൻ സാധാരണ നിൽക്കാറുള്ള ഗേററിൽക്കൂടെ വെളിയിലേക്കിറങ്ങുമ്പോൾ കൊച്ചുണ്ണി വിചാരിച്ചു. ''തനിക്കു പട്ടാളം വേണ്ട. അവിടെ എല്ലാവർക്കും ഭയങ്കര അഹംഭാവമാണു്. അവിടത്തെ കരിഞ്ഞ ചപ്പാത്തിയും, മൊരിഞ്ഞ ദാലും, വാച്ചറു പണിയും ഈ കൊച്ചുണ്ണിക്കു പററിയതല്ല. ചാണകം വാരുന്നതു് ഇതിൽനിന്നും എത്രയോ മെച്ചമാണു്. അതുകൊണ്ടു് പഴേ പണി മതി. പട്ടാളമേ വേണ്ട, വിട.''

# പിറന്നാൾ

ജി.ജി.മാത്തൻ

റോൾ നമ്പർ 938, ക്ലാസ്സ് 9.എ.

നേരം സന്ധ്യയായി. സൂര്യൻ മറഞ്ഞുകഴിഞ്ഞു. കാക്കകളും മറ്റു പക്ഷികളും തങ്ങളുടെ കൂട്ടിലേക്കു തിരിച്ചു. മിനിമോൾ എന്നിട്ടും പന്തുകളിച്ചുകൊണ്ടു നിൽക്കയാണ്.

"മോളേ വരൂ കളിക്കു." അമ്മ വിളിക്കുന്നതു കേട്ടാണ് അവൾ കളി നിർത്തിയത്.

കളിയും കഴിഞ്ഞ് സന്ധ്യാനാമജപവും കഴിഞ്ഞ് ഊണുമേശയുടെ അരികിൽ ആഹാരം കഴിക്കാൻ ഇരുന്നപ്പോൾ അവൾ പറഞ്ഞു:

"അമ്മേ നാളെ എന്റെ പിറന്നാളാണല്ലോ. അമ്മേ എനിക്കു മിട്ടായി, ബിസ്കറ്റ്, പുത്തൻ ഉടുപ്പ് എല്ലാം വേണം. പിന്നെ അമ്മാവൻ എനിക്ക് വാച്ചയച്ചു തരുമല്ലോ?"

"തരാം മോളേ, എല്ലാം തരാം. മോള് ഊണു കഴിച്ചിട്ട് സുഖമായി ഉറങ്ങ്. രാവിലെ അമ്മ വിളിക്കാം കേട്ടോ.'

ഊണു കഴിഞ്ഞ് ഉറങ്ങാൻ കിടന്നു. അവൾക്ക് പിറന്നാളിനെപ്പറ്റിയുള്ള ചിന്തയായിരുന്നു.

മിനിമോൾക്ക് ഇപ്പോൾ ഏഴുവയസ്സു കഴിഞ്ഞു. എട്ടാമത്തെ വയസ്സാണ് പിറ്റേദിവസം തികയുന്നത്. അവളുടെ അമ്മ അടുത്തുള്ള സ്കൂളിലെ ടീച്ചറാണ്. അച്ഛൻ മദ്രാസ്സിലുള്ള ഒരു കമ്പനിയിലാണ്. ഓരോ പിറന്നാളുകളിലും എന്തൊക്കെയാണ് അച്ഛനും അമ്മയും കൊടുക്കുന്നത്. എല്ലാത്തവണയും പായസവും, മിഠായിയും, ബിസ്കറ്റും പുത്തൻ ഉടുപ്പും മറ്റും കൊടുക്കാറുണ്ട്.

അമ്മാവന്റെ കാര്യം ഒട്ടുമേ പറയേണ്ട. അവൾക്ക് തോന്നാറുണ്ട്-അച്ഛനെക്കാളും അമ്മയെക്കാളും അമ്മാവനാണ് അവളോട് കൂടുതൽ സ്നേഹമെന്ന്. അമ്മാവൻ ബോംബെയിലെ ഒരു കമ്പനി മാനേജരാണ്. അവധിക്കുവന്നാൽ അവളോട് എന്തു സ്നേഹമാണ്. എന്തൊക്കെയാണ് കൊടുക്കുന്നത്. എല്ലാ പിറന്നാളിനും അവൾക്ക് എന്തൊക്കെയാണ് കൊടുക്കാറുള്ളത്. എല്ലാം വിലപിടിച്ച സാധനങ്ങൾ. ഇത്തവണ ഒരു വാച്ചാണ്.

ഓരോന്നും വിചാരിച്ച് അവൾ സുഖനിദ്രയിലാണ്ടു. അവൾ തന്റെ പിറന്നാളിനെപ്പറ്റിയൊരു സ്വപ്നംപോലും കണ്ടു.

'മിനിമോളേ വാ ഇന്നു പിറന്നാളാണല്ലോ?'

കുറച്ചു രാജകുമാരന്മാർ അവളേയും ക്ഷണിച്ചുകൊണ്ടൊരു രാജകൊട്ടാരത്തിൽ

കൊണ്ടുപോയി. അവിടെവെച്ച് അവർ അവളെ ഒരുക്കി ഒരു രാജകുമാരിയാക്കി. എന്നിട്ട് അവളെ ഒരു മേശയുടെ അടുക്കൽ കൊണ്ടുചെന്നു. ഓ! അവിടത്തെ വിഭവങ്ങൾ കാണേണ്ടതുതന്നെ. കേക്ക്, ... യി, ബിസ്കറ്റ്, മുട്ട, ഇറച്ചി പൊരിച്ചതു് പിന്നെ ... എന്തൊക്കെയാണ്. എല്ലാംതന്നെ അവൾ കുറച്ചുതിന്നു എന്നിട്ട് അവളെ വേറൊരു മുറിയിൽ കൊണ്ടുപോയി.

അവിടെ വേറൊരുവിധം ആയിരുന്നു. അമ്മ, അച്ഛൻ, അമ്മാവൻ കുറച്ചു രാജകുമാരന്മാർ എല്ലാവരും ഒരു മേശയുടെ ചുററിനും നിൽക്കുന്നു. അവരവർ തങ്ങളുടെ സമ്മാനങ്ങൾ മേശയിൽ നിരത്തി. എന്നിട്ടവർ അവളുടെ ചുററിനും ഡാൻസ്...

''മോളേ എഴുന്നേൽക്കൂ.'' എന്നു വിളിക്കുന്നതു കേട്ടാണ് മിനി എഴുന്നേററതു്. ഉടനെ ദിനചര്യകൾ എല്ലാം ചെയ്തിട്ട് അമ്മ കൊടുത്ത പുതിയ ഉടുപ്പും ഇട്ടുകൊണ്ടവൾ ഊണുമേശയുടെ അടുത്തേക്കു ചെന്നു. ഓ! അവിടെ എന്തൊക്കെയാണ്. അവൾ സ്വപ്നത്തിൽ കണ്ട വിഭവങ്ങൾ മുഴുവനും അവിടെയുണ്ടായിരുന്നു. എല്ലാം കഴിച്ചിട്ട് അവൾ പോർട്ടിക്കോവിലേക്കു ചെന്നു. എന്നിട്ട് പോസ്റ്റുമാനെ കാത്തവിടെയിരുന്നു.

മിനിയുടെ പിറന്നാൾദിവസംപോലും പോസ്റ്റുമാൻ കാണാതെ പഠിച്ചിരുന്നു. കാരണം പിറന്നാൾ ദിവസം അവളുടെ അച്ഛനും അമ്മാവനും അയക്കുന്ന സമ്മാനങ്ങൾ ഉണ്ടായിരിക്കും. അതുകൊണ്ട് പോസ്റ്റുമാൻ വരുമ്പോൾതന്നെ ചോദിക്കും 'ഇന്നു മോടെ പിറന്നാളാ, അല്ലേ'

—എന്നിട്ടൊന്നു പുഞ്ചിരിക്കും. അപ്പോൾ അവൾ മിഠായി വാരി കൊടുക്കാറുണ്ട്.

ണിം....ണിം....പോസ്റ്റുമാൻ വന്ന ബെല്ലുകേട്ടു. മിനിമോൾ ഓടിചെന്നു. പക്ഷേ അയാൾക്ക് ഒട്ടും ചിരിയില്ല. രണ്ടു പാക്കററും ഒരു കവറും കൊടുത്തിട്ട് അയാൾ സ്ഥലംവിട്ടു. മിനിമോൾക്ക് ഒന്നുംതന്നെ മനസ്സിലായില്ല. അവൾ മിഴിച്ചുനിന്നു.

പെട്ടെന്ന് മിനി പാക്കററ് രണ്ടും അഴിച്ചുനോക്കി. അച്ഛൻെറ വക ഒരു ജോടി ഷൂസും സോക്സും അമ്മാവൻെറ വക ഒരു വാച്ച്! രണ്ടും ധരിച്ചുകൊണ്ട് അവൾ അമ്മയുടെ അടുത്തു ചെന്നു.

''ങ്ഹാ! മോളേ പോസ്റ്റുമാൻ വന്നോ. പിന്നെന്താണ് കയ്യിൽ?''

അവൾ കവർ കൊടുത്തു. അമ്മ പെട്ടെന്ന് തുറന്ന് ഒരു ചുവന്ന കടലാസെടുത്തു വായിച്ചു. അമ്മയുടെ ഭാവം മാറി. അവരുടെ കൈകൾ വിറച്ചു. ആ ചുവന്ന കടലാസ്സ് താഴെവീണു. കാര്യം എന്തെന്നറിയാതെ മിനിമോൾ മിഴിച്ചു നിന്നുപോയി.

''എന്താണമ്മേ'' മിനിമോൾ സംഭ്രാന്തിയോടെ ചോദിച്ചു.

''മോളേ . മോളേ...എൻെറ മിനി മോളേ...മോടെ അമ്മാവൻ മ...മരി...ച്ചു മോ...ളേ...''

മിനിമോൾക്ക് തല ചുററുന്നതുപോലെ തോന്നി. അവൾ ''അമ്മാവാ'' എന്നു വിളിച്ചുകൊണ്ട് നിലത്തു വീണു.

# ഒഴിവുദിവസം

കെ. ജി. രഞ്ജിത് കുമാർ
റോൾ നമ്പർ 894. ക്ലാസ്സ് 9. ഏ.

ഊ........ഊ........

സൈറനാണ്.

നാശം. തുടങ്ങി നിലവിളി. ചെവി പൊട്ടിപ്പോകും. ഇന്നെന്തായാലും നേരത്തെ എഴുന്നേൽക്കാൻ നിശ്ചയിച്ചിട്ടില്ല. കിടന്നു വിളിക്കട്ടെ. ഉറങ്ങാൻ കിട്ടുന്ന ഒരേയൊരു ദിവസമാണ്. മറ്റെല്ലാ ദിവസവും പി. റ്റിയും മററും മറിച്ചുതുമൊക്കെയാണ്. പുതപ്പിനുള്ളിൽ ഒന്നുകൂടി ചുരുണ്ടുകൂടാം. ഈ പുതപ്പിനുള്ളിൽ ചുരുണ്ടുകൂടികിടക്കാൻ എന്തൊരു സുഖമാണ്. [illegible]യിൽ കുട്ടികൾ പല്ലുതേയ്ക്കുന്നതിന്റെയും കുളിക്കുന്നതിന്റെയും ഒക്കെ ശബ്ദം കേൾക്കാം. [illegible]യൊക്കെ എന്തൊരു ബോറന്മാരാണ്! [illegible] ചെയ്യുന്നതുപോലെ ഈ ഒഴിവുദിവസവും കാലത്തെ എഴുന്നേൽക്കുന്നു, കുളിക്കുന്നു, [illegible] ചെയ്യുന്നു, എന്നെ കണ്ടു പഠിക്ക്.

''എടാ....എണീക്കെടാ. പോത്തുപോലെ കിടന്നുറങ്ങുന്നു. നീയിന്നു ചെടി നനച്ചോ. നീയാണിന്നു വെള്ളമൊഴിക്കേണ്ടത്.''

രവിയുടെ വകയാണ്. നശിച്ചവൻ. അവന്റെയൊരുപദേശം.

ഏതായാലും എണീററുകളയാം. ഇനി കിടക്കുന്നതു് തടിക്കു കുഴപ്പമാണ്. വല്ലവന്മാരും വച്ചു താങ്ങിത്തന്നാൽ പൊത്തിക്കൊണ്ടിരിക്കാനേ പററൂ. ബ്രഷുമെടുത്തുകൊണ്ട് പുറത്തിറങ്ങി. പേസ്റ്റ് തീർന്നിരിക്കുന്നു. ഇനി വാങ്ങണമെങ്കിൽ കാൻറീനിൽ പോകണം. തൽക്കാലത്തേയ്ക്ക് കടംവാങ്ങാം.

''സുനിലേ, ഇന്നലെ നീ മാച്ചിന് നല്ലവണ്ണം കളിച്ചു. നീ കൊടുത്ത പാസ്സുകളൊക്കെ വളരെ നന്നായിരുന്നു. അതു് ഗോളാക്കാത്തവൻ മടയൻതന്നെ.''

സുനിൽ രണ്ടടി പൊങ്ങിപ്പോയി എന്നു തോന്നുന്നു. എന്തായാലും ഇനി പ്രമേയം അവതരിപ്പിക്കാം.

''പേസ്റ്റ്, തീർന്നുപോയല്ലോടാ. അല്പം തരാമോ.''

തന്റെ പ്രശംസ കേട്ട് കോരിത്തരിച്ചുനിന്ന സുനിൽ പേസ്റ്റ് വെച്ചുനീട്ടി.

എന്തായാലും ഒരുകാര്യം ഒത്തു. ഇനി ഒന്നു കളിച്ചുകളയാം. എണ്ണ കോരിതലയിലൊഴിച്ചപ്പോഴും ആജ്ഞ.

''ഗോ ഫോർ ബ്രേക്ക്ഫാസ്റ്റ്.''

തുലഞ്ഞു. തൽക്കാലത്തേയ്ക്ക് ടാങ്കിൽ നിന്നു വെള്ളമെടുത്തു തല കഴുകാം.

തല കഴകി ഡ്രസ്സമിട്ട ചെന്നപ്പോഠം ലീഡറിൻെറ ചോദ്യം.

''വൈ ആർ യു ലേററ്?''

എന്തോന്നാ പറയുക. മിഴിച്ചുനിന്നു.

''മീററ് മീ ആഫ്ടർ ലഞ്ച്.''

ഓ....അതു് അപ്പോഴല്ലേ. ഓടി പ്പോയി ബ്രേക്ഫാസ്റ്റ് കഴിച്ചു.

അതുകഴിഞ്ഞു് ചെന്നപ്പോഠം ഒരു വിരുതൻ ഫുട്ബാളും തട്ടിക്കൊണ്ടു് വരുന്നു. അവൻെറ പുറകെ നടന്നിട്ടും ഒരു ബാളും അവൻ തരുന്നില്ല.

''നിൻെറയൊന്നും ബാളില്ലാതെ എനിക്കു കളിക്കാമെടാ'' ഗതിയില്ലാതാ യപ്പോഠം പറഞ്ഞു.

ഇനി അടുത്തപടി വല്ല ബുക്കം വായി ക്കലാണു്. വായിച്ചു വായിച്ചു് സമയം പോയതറിഞ്ഞില്ല. അപ്പോഴേയ്ക്കും ലഞ്ചി ന്റെ സമയമായി.

ലഞ്ച് കഴിഞ്ഞു് ഒന്നുറങ്ങാമെന്നു വി ചാരിച്ചു് കയറിക്കിടന്നു. അപ്പോഴേയ്ക്കും സന്ദേശവാഹകരെത്തി.

''ലീഡർ വിളിക്കുന്നു.''

ഓടിച്ചെന്നു.

''ഡു ഫ്രോഗ് ജമ്പ്.''

അഞ്ചാറടി ചാടി. പെട്ടെന്നു് ബുദ്ധി ഉദിച്ചു. ഒരു കരച്ചിൽ. ലീഡർ പരി ഭ്രമിച്ചുപോയി.

''എന്തുപററി.''

''വയറുവേദന.''

''എന്നാൽ ബെഡ്ഡിൽ പോയിക്കി ടക്കു.''

സുഖം! സുഖമായി ഒരുറക്കം.

ചായയുടെ സമയമായപ്പോഠം ചായ യും കുടിച്ചു് കളിക്കാൻ പോയി.

ഫലം—ഒരു വീഴ്ച. കാലിൽ ബാൻ ഡേജ്.

തിരിച്ചു് ഓടിവന്നു് ആദ്യം ബാത് റൂമിൽ കയറി. ആദ്യം കുളിക്കേണ്ടവൻ ഓടിവന്നു് ആജ്ഞാപിച്ചു.

''ഇറങ്ങെടാ വെളിയിൽ.''

ചുമ്മായിരിയെടാ, എന്നാലും അവൻ വച്ചു വീക്കിയാലോ എന്നു വിചാരിച്ചു് പെട്ടെന്നു് ഇറങ്ങി. പൗഡറിട്ടു് സുന്ദര നായി.

അപ്പോഴാണു് ഓർത്തതു്, ഇന്നു് ക ലാപരിപാടികളാണു്. അങ്ങോട്ടു ചെന്ന പ്പോഠം സാറു് പ്രസംഗിക്കാൻ പറഞ്ഞു. സ്റ്റേജിൽ പോയി നിന്നു വിറച്ചപ്പോഠം കരുണാനിധിയായ സാറു് പോയിരി ക്കാൻ പറഞ്ഞു.

എല്ലാം കഴിഞ്ഞു് ഡിന്നറിനു പോ യി. തിരിച്ചുവന്നപ്പോഠം സാറു് എല്ലാവ രേയും പഠിക്കാൻ അയയ്ക്കുന്നു. കുറച്ചു ഗൃഹ പാഠം ചെയ്യാനുണ്ടു്. പക്ഷെ ഉറക്കം വരുന്നു. നാളത്തെ കാര്യം നാളെ. ഇന്നു് ഉറങ്ങുമ്പോഠം സാറു വന്നു് അടിക്കരുതേ എന്നു പ്രാർത്ഥിച്ചുകൊണ്ടു് പോയി ക്കിടന്നു.

അങ്ങനെ ഒരൊഴിവുദിവസം പൊഴ ലിഞ്ഞു!

# പരീക്ഷാഫലം

കെ. അജയപ്രസാദ്
റോൾ നമ്പർ 874, ക്ലാസ് 9 എ.

ഗോപി മുററത്തേക്കിറങ്ങി. അവിടെ നിന്നിരുന്ന അച്ഛന്റെയും അമ്മയുടേയും മുഖങ്ങളിൽ എന്തോ അപാകത അവൻ ശ്രദ്ധിച്ചു. അച്ഛന്റെ മുഖം ദേഷ്യംകൊണ്ട് ചുവന്നിരിക്കുന്നു. അമ്മയുടെ കണ്ണിൽ നിന്ന് കണ്ണീർത്തുള്ളികൾ ഇററിററു വീഴുന്നു. ''നീ എങ്ങോട്ടാ എഴുന്നെള്ളുന്നത്?'' അച്ഛൻ ഗർജ്ജിച്ചു. എന്ത്, ഇത് അച്ഛൻ തന്നെയോ. തന്നോട് എപ്പോഴും സ്നേഹപൂർവ്വം പെരുമാറിയിരുന്ന അച്ഛൻ. 'അച്ഛാ, ഇന്ന് പരീക്ഷാഫലം അറിയുന്ന ദിവസമല്ലേ. 4.30ന് ചെന്നാൽ അറിയാം. ഇപ്പോൾ അഞ്ചുമണി ആയി.'' 'ഓ, അതൊക്കെത്തന്നെ അറിയത്തില്ലേ.' അച്ഛന്റെ കണ്ണുകളിൽ വിഷാദവും അപമാനിക്കപ്പെട്ടതിലുള്ള സങ്കടവും ദേഷ്യവും എല്ലാം ഗോപി പ്രതിഫലിച്ചുകണ്ടു. അവൻ എന്താണിത് എന്ന അർത്ഥത്തിൽ അമ്മയുടെനേരെ നോക്കി. ''മോനേ, കുറച്ചുമുമ്പ് നിന്റെ ക്ലാസ്സിൽ പഠിച്ചിരുന്ന ജോസും മോഹനും ഒക്കെ ഇതിലേ വന്നിരുന്നു. അവർ നിന്റെ നമ്പർ ലിസ്റ്റിലില്ലെന്നു പറഞ്ഞു.'' ഗോപിക്ക് തന്റെ സപ്ത നാഡികളും തളരുന്നതുപോലെ തോന്നി. അവൻ അവിടെ നിന്നും ഓടി—ജീവിതത്തിൽ ഇതുവരെ ഓടിയിട്ടില്ലാത്തത്ര വേഗത്തിൽ.

ആ ഓട്ടം അവസാനിച്ചത് സ്കൂളിന്റെ മുമ്പിലാണ്. വിയർപ്പിൽ കുളിച്ചു നിൽക്കുന്ന ആ രൂപത്തെ വഴിപോക്കർ അത്ഭുതത്തോടെ വീക്ഷിച്ചു. സഹപാഠികൾ അവനെ നോക്കി പുച്ഛത്തോടെ സംസാരിച്ചുകൊണ്ടു പോയി. അതിൽ നിന്ന് ഏതാനും വാക്കുകൾ അവൻ പിടിച്ചെടുത്തു. ''ഫസ്റ്റ് ക്ലാസ് കിട്ടുമെന്ന് വീമ്പടിച്ച ഒരുത്തൻ അതാ നിൽക്കുന്നു. എന്നിട്ടിപ്പോൾ കണ്ടോ?'' ആ വാക്കുകൾ മൂർത്ത ശരമെന്നപോലെ അവന്റെ മനസ്സിൽ തറച്ചുകയറി. ശരിയാണ്, ചോദിച്ചവരോടെല്ലാം ഫസ്റ്റ്ക്ലാസ് കിട്ടുമെന്നാണു പറഞ്ഞത്. ''എന്നത്തെ ക്ലാസ്സിൽ ഫസ്റ്റ് റാങ്ക് കിട്ടിയിരുന്നത് സാറന്മാരുടെ ''മണി''യായിരുന്നിട്ടാ.'' —വേറൊരുത്തന്റെ വക.

അവൻ നോട്ടീസ്ബോർഡിന്റെ അടുത്തേക്കു നീങ്ങി. എസ്. എസ്. എൽ. സി. പരീക്ഷാഫലത്തിലെ നമ്പറുകളിലൂടെ അവന്റെ കണ്ണുകൾ പാഞ്ഞു. തന്റെ നമ്പറുംതേടി ഗോപിയുടെ ദൃഷ്ടികൾ പരതി. ''ഇല്ല! ഇല്ല!'' ആരോ എന്തോ സാന്ത്വനവാക്കുകൾ പറഞ്ഞതു മാത്രമാണ് അവന് ഓർമ്മയുണ്ടായിരുന്നത്. അവന്റെ മുമ്പിൽ രൂപങ്ങൾ തെളിയാൻ തുടങ്ങി: കരയുന്ന അമ്മ, സംഹാ

രതാണ്ഡവത്തിനൊരുങ്ങിയ ശിവനെപ്പോലെ കോപിച്ചുനിൽക്കുന്ന അച്ഛൻ. കളിയാക്കുന്ന സഹപാഠികൾ, എല്ലാവരും കൂടി ഭീകരരൂപംപൂണ്ട് അതാ തന്റെ നേരെ വരുന്നു. അവൻ ബോധംകെട്ട് വീണു. ഉണർന്നപ്പോൾ തന്റെ സ്വന്തം കട്ടിലിൽ കിടക്കുന്നതാണ് ഗോപി കണ്ടത്. അച്ഛനും അമ്മയും അടുത്തിരിപ്പുണ്ട്. ഗോപി കണ്ണുതുറന്നപ്പോൾ അവർ ഒന്നു നിശ്വസിച്ചു. അവൻ സാധാരണനില വീണ്ടെടുത്തു എന്നു കണ്ടപ്പോൾ അവർ സ്വന്തം മുറികളിലേയ്ക്കു പോയി.

ഒരുമണിക്കൂർ കഴിഞ്ഞുകാണും ഗോപിയുടെ മുറിതുറന്ന് ഒരാൾ പുറത്തിറങ്ങി. കയ്യിൽ ഒരു ബഡ്ഷീറ്റുമുണ്ട്. ആ രൂപം മുററത്തു നില്ക്കുന്ന മാവിന്റെ നേരെ നീങ്ങി.

* * * *

ഗോപിയുടെ അമ്മയാണ് ആ കാഴ്ച ആദ്യം കണ്ടത്. അവർ ക്ലോക്കിൽ എട്ടമണി അടിക്കുന്നതു കേട്ടാണ് എഴുന്നേററത്. രാത്രി ഉറക്കമിളച്ചിരുന്നതുകൊണ്ട് രാവിലെ എഴുന്നേൽക്കാൻ താമസിച്ചുപോയി. അവർ ആദ്യം ഗോപിയുടെ മുറിയിലേയ്ക്കാണ് പോയത്. അവിടെ ഗോപി ഇല്ലായിരുന്നു. അവർ പുറത്തേയ്ക്കിറങ്ങി. ''ഗോപി'' എന്നു വിളിച്ചു. അപ്പോൾ അതാ മാവിൽ എന്തോ ഒന്ന് ആടുന്നു. കുറച്ചകലെ നിന്നുതന്നെ അതു് ഗോപിയാണെന്നു് അവർക്കു മനസ്സിലായി. അവർ ''അയ്യോ'' എന്നു് അലറിക്കൊണ്ടു് നിലം പതിച്ചു. ശബ്ദംകേട്ട് ഓടിവന്ന ഗോപിയുടെ അച്ഛനേയും അയൽക്കാരേയും എതിരേററത് ഗോപിയുടെ ജഡമാണ്. താഴെ ഒരെഴുത്തു കിടന്നിരുന്നു.

''അച്ഛാ അമ്മേ, ഞാൻ പരീക്ഷയ്ക്കു തോററു എന്നറിഞ്ഞപ്പോൾ നിങ്ങൾ എത്രമാത്രം ദുഃഖിച്ചു എന്ന് ഞാൻ കണ്ടു. ഈ കാര്യം നാട്ടിൽ എല്ലാവരും അറിഞ്ഞു. ഫസ്റ്റ്ക്ലാസ്സ് കിട്ടുമെന്ന് വിചാരിച്ചിരുന്ന ഞാൻ ഇങ്ങനെ തോററതിലും അങ്ങിനെ അച്ഛന് അപമാനമുണ്ടാക്കിയതിലും എനിക്ക് ദുഃഖമുണ്ട്. ഇനി നിങ്ങളുടേയും മററുള്ളവരുടേയും പരിഹാസപാത്രമായി ജീവിക്കണമെന്ന് എനിക്ക് ആഗ്രഹമില്ല.

എന്ന് മകൻ ഗോപി.''

അപ്പോഴാണ് കുറുപ്പുസാർ മുററത്തേയ്ക്കു കയറിവന്നത്. മുററത്തെ ആൾക്കൂട്ടം കണ്ട് സ്തംഭിച്ചുനിന്ന സാറിനോട് ആരോ കാര്യമെല്ലാം പറഞ്ഞുകൊടുത്തു. അതു കേട്ട കുറുപ്പുസാർ തളർന്ന് മുററത്തിരുന്നു. കുറുപ്പുസാറിന്റെ കയ്യിൽ ഈ സംഭവമെല്ലാം കേട്ട് പേടിച്ചുപോയതുപോലെ ഒരു കടലാസ്സ് ഇരുന്നു വിറയ്ക്കുന്നുണ്ടായിരുന്നു. ഡി. ഇ. ഓ യുടെ ഓഫീസിൽ നിന്നുവന്ന ഒരു അറിയിപ്പ്; തലേന്നു കിട്ടിയ പരീക്ഷാഫലത്തിനൊരു തിരുത്ത്! സ്കൂളിലേയ്ക്കൊരു ഫസ്റ്റ്ക്ലാസ് കൂടിയും.

# धैर्यं धरति स बुद्धिमान्

एस्० चिदंबर, नवम कक्षा

एकस्मिन् महारण्ये कश्चित् सिंहः आसीत् । वनस्य नातिदूरे एव सरः आसीत् । तस्मिन् सरसि एकः मण्डूकः अवसत् । कदाचित् मृगेन्द्रः जलं पातुं सरसः तस्य तीरं अगच्छत् । जले स्थितस्य तस्य भेकस्य रटनं श्रुत्वा सिंहः भयेन अकम्पत् । स परितः विलोक्य अवदत् 'अहो?' भीषणा ध्वनिः, कुतः इयं समागच्छति इति ज्ञातुं न शक्नोमि । न कोपि अत्र दृष्टिपथ आगच्छति भयानको जन्तुः किं पलाय्य प्राणरक्षा कर्तव्या इदानीम्'? नहि नहि, आपत्सु धैर्यं धरन्ति बुद्धिमन्तः । एवं विचार्य स तत्रैव स्थितः यावत् भयकारणं ध्यायति, तावत् स मण्डूकः उत्प्लुत्य तीरमगाच्छत् । स पुनरपि उच्चैः रटन् तत्रैव तडागस्य तीरे अतिष्ठत् । तं दृष्टवा सिंहः क्रुद्धो भूत्वा अवदत् । अरे, ईदृक् स्वल्पकायः जन्तु मृगेन्द्रं मां उद्वेजयति ततःस्तं भेकं आक्रम्य पादप्रहारेण धूलिसात् अकरोत् अभणच्च—

'शोकस्थानसहस्राणि, भयस्थानशतानि च ।
दिवसे दिवसे मूढमाविशन्ति न पण्डितम् ।।'

धैर्यं धरति स बुद्धिमान् इति एतस्याः कथायाः सारम् ।

(बालसंस्कृतस्य कथायाः उपरि आधारितम्)

—०—

# सरदार पटेलस्य सूक्तय

कु० सुनिता टेकाले, सप्तम कक्षा

सरदारः वल्लभभाई–पटेलस्य जन्मशताब्दिः गतवर्षे समापन्ना । यद्यपि सरदार–पटेलेन स्वकार्ये–व्यस्ते जीवने ग्रंथा न लिखिता विचाराः प्रकटिताः । तेन कथितम्—' स्वकीये पञ्चसप्ततितमे जन्मदिनावसरे एकस्मिन् सन्देशे ते अवदन्– 'उत्पादनं वर्धयितव्यं, व्यय अल्प एव कर्तव्य, अपव्यय नैव कर्तव्यः ।' एष सन्देश अस्मिन् आपत्काले अतीव समयोचित भविष्यति

समाजवादविषये तेन कथितम्– 'अहं शुकस्य भाषणमिव समाजवादं न वाञ्छति, अपितु एकता शक्तिश्च अपेक्षते ।' स्वकीये जन्मस्थाने करमसद–ग्रामे ते एकस्यां विशालायां सभायां अकथयन्– अहं जाति–पन्थेषु न विश्वसिमि । अहं भारतीयो अस्मि । भारतीयता एव मम धार्मिकता अस्ति ।' तेन भारतीयेभ्य अयं मन्त्र दत्त 'उत्तिष्ठत नश्यत वा ।

सरदार एक कर्मयोगी आसीत् । स मातृ-भूम्यर्थं अजीवत्, कार्यरत अभवत्, दुःखं असेवत भारतीयेतिहासे स्वनाम अमरं च अकरोत् । गुर्जर–साहित्यकार तस्य राष्ट्र-पितुश्च नेतृत्व–विषये एतं श्लोक अलिखत्—

'यत्र योगेश्वरो गांधी वल्लभश्च धूर्धरः ।
तत्र श्रीविजयो भूतिर्ध्रुवा नीतिमतिर्मम ।।'

—०—